**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3405** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകളിൽ വിദ്യാലയ ജാഗ്രത സമിതി രൂപീകരണം, വിദ്യാലയ ജാഗ്രത, ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ് ബോക്സ് സ്ഥാപിക്കൽ,മെഡിക്കൽ -ദന്ത പരിശോധന ക്യാമ്പ്, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം, അമ്മ റിസോഴ്സ് ഗ്രൂപ്പ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക്), സ്പോർട്സ്, യോഗ, സൈക്ലിംഗ്,പട്ടം പറത്തൽ (കുട്ടികൾക്ക് ആവേശവും താൽപര്യവും ഉണർത്തുന്ന കായികഇനം), ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക സംവാദ സദസ് ,കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം, എക്സിബിഷൻ കംവെൽനസ് പ്രോഗ്രാമുകൾ ,അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളെ ലഹരി വിൽപ്പനയ്ക്കായി ദുരുപയോഗം ചെയ്യുന്നതും സ്കൂൾ പരിസരത്തെ ലഹരി വിൽപ്പന തടയുന്നതിനും വിദ്യാഭ്യാസവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകളിൽ വിദ്യാലയ ജാഗ്രത സമിതി രൂപീകരണം, വിദ്യാലയ ജാഗ്രത, ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ് ബോക്സ് സ്ഥാപിക്കൽ,മെഡിക്കൽ -ദന്ത പരിശോധന ക്യാമ്പ്, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം, അമ്മ റിസോഴ്സ് ഗ്രൂപ്പ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക്), സ്പോർട്സ്, യോഗ, സൈക്ലിംഗ്,പട്ടം പറത്തൽ (കുട്ടികൾക്ക് ആവേശവും താൽപര്യവും ഉണർത്തുന്ന കായികഇനം), ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക സംവാദ സദസ് ,കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം, എക്സിബിഷൻ കംവെൽനസ് പ്രോഗ്രാമുകൾ ,അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ രക്ഷിതാക്കൾക്കായി എന്തെങ്കിലും പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കുന്നതിനായി അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ